**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — എറണാകുളം ജില്ലയിലെ ഏലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ.എം. മുസ്സാൻ സമർപ്പിച്ച പുന:പരിശോധനാ ഹർജി - നിരസിച്ച് — ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1344/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 15.05.2018

================================================================

പരാമർശം: 1. സ.ഉ.(സാധാ) നം.371/2015/തസ്വഭവ തീയതി 05.02.2015

2. ശ്രീ. എ.എം. മുസ്സാൻ സമർപ്പിച്ച 27.03.2015-ലെ പുന:പരിശോധനാ ഹർജി

**ഉത്തരവ്**

ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നടത്തിയ ത്വരിതാന്വേഷണ റിപ്പോർട്ടിൽ ഏലൂർ ഗ്രാമപഞ്ചായത്തിലെ പുറമ്പോക്ക് ഭൂമി കൈയ്യേറി M/s മെർക്കം കമ്പനി പഞ്ചായത്ത് ലൈസൻസില്ലാതെ പ്രവർത്തിച്ചു വരുന്നതായി കണ്ടെത്തുകയും, കൈയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട് എന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടും പരിശോധിച്ച് ആയതിനുത്തരവാദിയായ ഏലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ.എം. മൂസ്സാന് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും തുടർന്ന് ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിനെതിരെ ശ്രീ. മൂസാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച പുന:പരിശോധനാ ഹർജിയിൽ നയപരമായ കാര്യമായതിനാൽ പഞ്ചായത്ത് ഭരണസമിതിയുടെ അനുമതി ആവശ്യമായിരുന്നുവെന്നും ഭരണസമിതി മുമ്പാകെ സമർപ്പിച്ചിരുന്നുവെന്നും ഭരണസമിതി തീരുമാനം കൈകൊള്ളാത്തതിനാലാണ് സെക്രട്ടറി തലത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തതെന്നും ശ്രീ. മൂസാൻ മറുപടി നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടക്കനടപടി തീർപ്പാക്കുന്നവേളയിൽ സമർപ്പിച്ച പ്രതിവാദപത്രികയിൽ പരാമർശിച്ചിരുന്നവയിൽ നിന്നും പുതിയ എന്തെങ്കിലും അധിക വിവരങ്ങൾ ഈ പുനഃപരിശോധനാഹർജിയിൽ

നൽകിയിട്ടില്ലായെന്നു കാണുന്നു. ഈ സാഹചര്യത്തിൽ ശ്രീ. മുസ്സാൻ സമർപ്പിച്ച അപേക്ഷ പുനപരിശോധിക്കേണ്ടതില്ലായെന്ന് കണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. എ. എം. മുസ്സാൻ, മുൻ സെക്രട്ടറി, ഏലൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/254/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ